ഇ.എഫ്.എൽ. നിയമത്തിൽ ഭേദഗതി

217 (7780) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തെല്ലാം ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ളതാണ് ഇ.എഫ്.എൽ. നിയമത്തിൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതികൾ എന്ന് വെളിപ്പെടുത്താമോ ; ഇതിനായി എന്തെങ്കിലും പഠനം നടത്തുകയോ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വാങ്ങുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇ.എഫ്.എൽ. നിയമത്തിൻകീഴിലുണ്ടായിരുന്ന ഭൂമി എത്രയായിരുന്നു ; ഇപ്പോഴത് എത്രയായി കുറഞ്ഞിട്ടുണ്ട് ; ഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി അത് എത്രയായി കുറയുമെന്നാണ് കണക്കാക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത ആവശ്യത്തിലേക്ക് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; മിനിട്സ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇ.എഫ്.എൽ. നിയമം നടപ്പിലാക്കിയതുമൂലം ചെറുകിട കർഷകർക്ക് നേരിട്ട ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനുപരിഹാരമെന്നോണം രണ്ട് ഹെക്ടറിൽ താഴെ ഭൂവിസ്തൃതിയുള്ളവർക്ക് മാത്രമായി തർക്കപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുവാൻ 2009-ൽ ഇ.എഫ്.എൽ. നിയമത്തിൽ വകുപ്പ് 10(എ) കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തിരുന്നു. എന്നാൽ വകുപ്പ് 10(എ) പ്രകാരം എല്ലാ ചെറുകിട കർഷകർക്കും അപേക്ഷ നൽകുവാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുനൽകുവാനും നിലവിലുള്ള നിയമ പ്രകാരം ഏറ്റെടുത്തിട്ടുള്ള രണ്ട് ഹെക്ടർ വരെയുള്ള സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ഇ.എഫ്.എൽ. നിയമപ്രകാരം രൂപവൽക്കരിച്ച ട്രൈബ്യൂണലുകളിൽ കേസ്സ് ഫയൽ ചെയ്യുന്നതിനുള്ള അഞ്ച് വർഷ കാലാവധി സംബന്ധിച്ച നിബന്ധനകളിൽ ഇളവ് വരുത്തുന്നതിനും നിയമത്തിൽ ഭേദഗതി വരുത്തുവാനും ഉദ്ദേശിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 13815 ഹെക്ടർ സ്ഥലം ഇ.എഫ്.എൽ. നിയമപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടില്ല. നിലവിൽ അത് 14590 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. ഇ.എഫ്.എൽ. നിയമഭേദഗതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്ദേശം 700 ഹെക്ടർ സ്ഥലം വിട്ടുകൊടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രണ്ട് ഹെക്ടറിൽ താഴെ ഭൂവിസ്തൃതിയുള്ളവർക്ക് മാത്രമായി തർക്കപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുവാൻ 2009-ൽ ഇ.എഫ്.എൽ. നിയമത്തിൽ വകുപ്പ് 10(എ) കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തിരുന്നു. എന്നാൽ വകുപ്പ് 10(എ) പ്രകാരം അപേക്ഷ നൽകുന്നതിനുള്ള കാലപരിധി നീട്ടിക്കൊടുക്കുക, 2 ഹെക്ടർ വരെയുള്ള ഇ.എഫ്.എൽ. സ്ഥലം ഉടമസ്ഥർക്ക് വിട്ടുകൊടുക്കുക, ഇ.എഫ്.എൽ. ഉടമസ്ഥർ ട്രൈബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി നീട്ടിക്കൊടുക്കുക എന്നിവയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മീറ്റിംഗിലെ പ്രധാന തീരുമാനങ്ങൾ. ഇത് സംബന്ധിച്ച മിനിട്സിന്റെ പകർപ്പുകൾ അനുബന്ധമായി വയ്ക്കുന്നു.*

ഇ-വേയ്സ്റ്റ് ഡിസ്പോസൽ സംവിധാനം

218 (7781) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-വേയ്സ്റ്റ് ഡിസ്പോസൽ നടത്തുന്നതിന് പരിസ്ഥിതിവകുപ്പ് സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) ഇ-വേയ്സ്റ്റ് റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകുമോ ;

(സി) പാരിസ്ഥിതിക സംതുലനാവസ്ഥ തകർക്കുന്നതിൽ ഇ-വേയ്സ്റ്റ് എന്തുപങ്കാണ് വഹിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇ-മാലിന്യങ്ങളുടെ സുരക്ഷിതമായ ശേഖരണം, സംഭരിക്കൽ, കയറ്റി അയയ്ക്കൽ, ശാസ്ത്രീയമായ നശിപ്പിക്കൽ എന്നിവ സംബന്ധിച്ചുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 1-1-2014-ലെ ജി.ഒ. (എംഎസ്.) 01/2014/പരി. നമ്പർ ഉത്തരവുപ്രകാരം സർക്കാർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനത്തുള്ള അംഗീകൃത റിസൈക്ലർ/ഡിസ്മാന്റലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് മലിനീകരണനിയന്ത്രണ ബോർഡിൽനിന്നും അനുമതി നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇ-മാലിന്യങ്ങൾ (ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽസ്) ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്ന പദ്ധതിക്കും പുനരുപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾക്കും രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതും വിജയകരമായതുമായ പദ്ധതികൾ കണ്ടെത്തി പുതിയതരം ടെക്നോളജി ഉൾപ്പെടുത്തി അത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ക്ലീൻ കേരള കമ്പനി ടെൻഡർ ക്ഷണിച്ചിരിക്കയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly